**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1090** **11-02-2025 - ൽ മറുപടിയ്ക്ക്**

**കഞ്ചിക്കോട് കിൻഫ്ര വ്യവസായ പാർക്കിലേക്ക് വെള്ളമെത്തിക്കാനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കഞ്ചിക്കോട് കിൻഫ്ര വ്യവസായ പാർക്കിലേക്ക് മലമ്പുഴയിൽ നിന്നും വെള്ളമെത്തിക്കാനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | ജലസേചന വകുപ്പ് കിൻഫ്രക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും നിയമ നിബന്ധനകൾക്ക് വിധേയമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പാലക്കാടിന് അനുമതി നൽകിയിട്ടുള്ളതുമാണ്. നിലവിൽ പദ്ധതിയുടെ ഏകദേശം 99% നിർമ്മാണ പ്രവൃത്തികളും പൂർത്തിയായി കഴിഞ്ഞു. |
| (ബി) | ഈ പദ്ധതി പ്രകാരം പ്രതിദിനം എത്ര യൂണിറ്റ് വെള്ളമാണ് കിൻഫ്രയ്ക്ക് നൽകാൻ വിഭാവനം ചെയ്തിരിക്കുന്നത്; | (ബി) | പ്രതിദിനം 10 MLD (10 ദശ ലക്ഷം ലിറ്റർ) വെള്ളം കൊണ്ടുവരുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്നും നാല് വർഷത്തോളം പദ്ധതി നീണ്ടുപോകാനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ? | (സി) | പല സാങ്കേതിക കാരണങ്ങളാലും പ്രവൃത്തി പൂർത്തീകരിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞിട്ടില്ല. 12-ാം നിയമസഭയുടെ സബ്ജക്ട് കമ്മിറ്റി III (ഇറിഗേഷൻ & പവർ) കഞ്ചിക്കോട് മേഖലയിലെ ഭൂഗർഭ ജലവിധാനത്തെ സംരക്ഷിക്കുന്നതിനായി ഒരു പഠനം നടത്തുകയും ആയത് സംരക്ഷിക്കുന്നതിനായി പാലക്കാട് വ്യാവസായിക മേഖലയിലെ വ്യവസായ യൂണിറ്റുകൾ ഉപയോഗിക്കുന്നതിന് ജലവിതരണ പദ്ധതി നടപ്പാക്കണമെന്ന് നിർദ്ദേശിക്കുന്ന, സമർപ്പിച്ച റിപ്പോർട്ട് പ്രകാരം കിൻഫ്ര പാർക്കിലേക്ക് മലമ്പുഴയിൽ നിന്നും 10 mld വെള്ളം കൊണ്ടു വരുന്നതിന് വേണ്ടി പദ്ധതി തയ്യാറാക്കി. പ്രസ്തുത പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുകയും വാട്ടർ അതോറിറ്റി മുഖാന്തിരം പദ്ധതി നടപ്പാക്കുന്നതിന് കിൻഫ്രയ്ക്ക് അനുമതിയും നൽകി.<br><br>നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് വാട്ടർ അതോറിറ്റി ടെണ്ടർ വിളിക്കുകയും ആദ്യത്തെ ടെണ്ടർ കോടതി നടപടിക്രമങ്ങൾ കാരണം റദ്ദ് ചെയ്യപ്പെടുകയും വീണ്ടും റീടെണ്ടർ 2017 -ൽ വിളിക്കുകയും ചെയ്തു. പ്രസ്തുത ടെണ്ടർ ഏറ്റവും കുറഞ്ഞ തുക കോൺട്രാക്ടർക്ക് നൽകി. |

| | | | | |
|---|---|---|---|---|
| | | | | തുടർന്ന് പൈപ്പ് കൊണ്ടു വന്നു ഇറക്കുന്ന സമയത്ത് ഒരു കൂട്ടം ആളുകൾ പൈപ്പ് ഇറക്കുന്നത് തടയുകയും ബഹു കേരള ഹൈക്കോടതി മുമ്പാകെ WPC ഫയൽ ചെയ്യുകയും ചെയ്തു. ബഹു കേരള ഹൈക്കോടതി കാര്യങ്ങൾ ബോധ്യപ്പെട്ടതനുസരിച്ച് പദ്ധതിയുമായി മുന്നോട്ട് പോകുന്നതിനുള്ള അനുകൂല വിധി നൽകി. ഇതേ തുടർന്ന് നിർമ്മാണ പ്രവൃത്തികൾ 2018-ൽ പുനരാരംഭിച്ചു.<br><br>നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് വളരെ മുൻപ് തന്നെ കൊച്ചി സേലം ദേശീയ പാതയുടെ നിർമാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും കിൻഫ്രയുടെ പദ്ധതിയുടെ അലൈൻമെന്റ് മാറ്റേണ്ടുന്ന അവസ്ഥ സംജാതകമാവുകയും ഉണ്ടായി. പുതിയ റൂട്ട് തീരുമാനിക്കുകയും അതനുസരിച്ച് ആവശ്യമായ അനുമതികൾ നേടുകയും ചെയ്തു. ആയതിന്റെ ഭാഗമായി പാലക്കാട് ഐ.ഐ.ടിയുമായി സഹകരിച്ച് ഐ.ഐ.ടിയുടെ സ്ഥലത്ത് കൂടി പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അംഗീകാരം നൽകി. ബാക്കി വരുന്ന ഏകദേശം 115 മീ. റെയിൽവേ ലൈൻ ക്രോസ് ചെയ്ത് റെയിൽവേയുടെ സ്ഥലത്ത് കൂടി സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും റെയിൽവേയുടെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും റെയിൽവേയുമായി നിരന്തരം മീറ്റിങ്ങുകൾ നടത്തുകയും ചെയ്തു വന്നു. എന്നാൽ റെയിൽവേ അനുമതികൾ കാലതാമസം നേരിടുന്നത്കൊണ്ട് ബദൽ പ്രോപ്പോസൽ കിൻഫ്രയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ